ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:23.08.2026**

## പ്രധാനവാർത്തകൾ

1. കായികരംഗത്തെ സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധത ആവർത്തിച്ച് ബ്രിക്സ് കായിക മന്ത്രിമാരുടെ യോഗം വിശാഖപട്ടണത്ത് സമാപിച്ചു.
2. സംസ്ഥാനതല ഓണം വാരാഘോഷത്തിന് നാളെ തുടക്കമാകും. ആറന്മുള ഉത്രട്ടാതി ജലോത്സവം ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും.
3. കൃഷിവകുപ്പിൻറെ കർഷക ചന്തകളിൽ ഡിജിറ്റൽ പേയ്മെൻറോ പണമോ നൽകി ഉത്പന്നങ്ങൾ വാങ്ങുന്നതിന് തടസ്സമില്ലെന്ന് മന്ത്രി ടി.സിദ്ദിഖ്.
4. സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രത.
5. വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. ശ്രീലങ്കക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് ഭേദപ്പെട്ട തുടക്കം.

&&&&&&&&&&&&&&&&&&

### ബ്രിക്സ് കായിക മന്ത്രിമാരുടെ യോഗം സമാപിച്ചു

ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് നടന്ന ബ്രിക്സ് കായിക മന്ത്രിമാരുടെ യോഗം സമാപിച്ചു. ബ്രിക്സ് കായിക സംയുക്ത പ്രഖ്യാപനം സമവായത്തിലൂടെ അംഗീകരിച്ചാണ് യോഗം സമാപിച്ചത്. സംഭാഷണം, പരസ്പര ബഹുമാനം, ഉൾക്കൊള്ളൽ

PNU TVPM

എന്നിവയിലൂടെ കായികരംഗത്ത് സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ബ്രിക്സ് രാജ്യങ്ങളുടെ പ്രതിബദ്ധത പ്രഖ്യാപനം വീണ്ടും ഉറപ്പിക്കുന്നു.

&&&&&&&&&&&&&&&&&&

## ഓണം വാരാഘോഷം (ഇൻട്രോ)

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന ഈ വർഷത്തെ ഓണം ടൂറിസം വാരാഘോഷത്തിന് നാളെ തുടക്കമാകും.

മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്ന വാരാഘോഷത്തിന്റെ സമാപന ഘോഷയാത്ര 30 ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഫ്ളാഗ് ഓഫ് ചെയ്യും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്.... (വോയ്സ്)**

&&&&&&&&&&&&&&&&&&

## ടൂറിസം വകുപ്പ് - ഓണം

RNU TVPM

സംസ്ഥാനതല ഓണം ടൂറിസം വാരാഘോഷത്തിന്റെ മുന്നോടിയായുള്ള പതാക യാത്രയ്ക്ക് തിരുവനന്തപുരത്ത് സമാപനം. കോവളത്ത് നിന്ന് ആരംഭിച്ച പതാക ഘോഷയാത്ര ജില്ലയിലെ വിവിധ മണ്ഡലങ്ങളിലെ പര്യടനത്തിനു ശേഷം കനകക്കുന്നിൽ സമാപിച്ചു. തുടർന്ന് മന്ത്രി പി.സി വിഷ്ണുനാഥ് ഓണപ്പതാക ഉയർത്തി. ഭക്ഷ്യമേളയുടെ ഉദ്ഘാടനം മന്ത്രി സി.പി ജോണും നഗരത്തിലെ ഇല്യൂമിനേഷന്റെ സ്വിച്ച് ഓൺ മന്ത്രി കെ.മുരളീധരനും നിർവഹിച്ചു.

&&&&&&&&&&&&&&&&&&

## വള്ളംകളി - ഉപരാഷ്ട്രപതി

ചരിത്രപ്രസിദ്ധമായ ആറന്മുള ഉത്രട്ടാതി ജലോത്സവം ആഗസ്റ്റ് 30ന് പമ്പാ നദിയിൽ നടക്കും. ജലോത്സവം ഉച്ചയ്ക്ക് 1.30 ന് ഉപരാഷ്ട്രപതി സി.പി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രിമാരായ രമേശ് ചെന്നിത്തല, മോൻസ് ജോസഫ്, എംപിമാർ, എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും. ജല

ഘോഷയാത്രയ്ക്കുശേഷം വൈകിട്ട് മൂന്നു മുതൽ മത്സര വള്ളംകളി നടക്കും.

&&&&&&&&&&&&&&&&&&

## കർഷക ചന്ത- ടി.സിദ്ദിഖ്

സംസ്ഥാനത്ത് കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന കർഷകച്ചന്തകളിൽ ഡിജിറ്റൽ പേയ്മെന്റിന് പുറമെ നേരിട്ട് പണം നൽകിയും ഉത്പന്നങ്ങൾ വാങ്ങുന്നതിൽ ഒരു തടസ്സവുമില്ലെന്ന് കൃഷിമന്ത്രി ടി.സിദ്ദിഖ്. കർഷകച്ചന്തകളിൽ പണമിടപാട് ഡിജിറ്റൽ സംവിധാനത്തിൽ മാത്രമായി പരിമിതപ്പെടുത്തിയെന്ന തരത്തിലുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. കൃഷി വകുപ്പിന്റെ ഓണച്ചന്തകളിൽ എത്തുന്ന ഉപഭോക്താക്കൾക്ക് ഇടപാടുകൾ കൂടുതൽ വേഗത്തിലും സൗകര്യപ്രദവുമായും നടത്തുന്നതിനാണ് ഡിജിറ്റൽ പേയ്മെന്റ് സംവിധാനം കൂടി അധികമായി ഏർപ്പെടുത്തിയിട്ടുള്ളതെന്ന് മന്ത്രി വാർത്താക്കുറിപ്പിൽ അറിയിച്ചു.

RMUTVPM

&&&&&&&&&&&&&&&&&&

## മൂവാറ്റുപുഴ ജില്ല ആവശ്യം - മുഖ്യമന്ത്രി

മൂവാറ്റുപുഴയെ ജില്ലയാക്കുന്നതിനെക്കുറിച്ച് ഗൗരവകരമായി പരിശോധിക്കുമെന്ന് മുഖ്യമന്ത്രി വി.ഡി സതീശൻ. മൂവാറ്റുപുഴ നഗരസഭയുടെ ത്രിവേണി ഓണാഘോഷം ഉദഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഡീ ലിമിറ്റേഷൻ കമ്മീഷനിൽ ഇക്കാര്യം പരിഗണിക്കുമെന്നും മൂവാറ്റുപുഴക്കാരുടെ എല്ലാ വിഷമങ്ങൾക്കും പരിഹാരം കാണുമെന്നും മുഖ്യമന്ത്രി ഉറപ്പ് നൽകി.

&&&&&&&&&&&&&&&&&&

## കുടുംബശ്രീ ഓണം - കെ.എം. ഷാജി

കുടുംബശ്രീ ഓണം വിപണനമേളയുടെ കോഴിക്കോട് ജില്ലാതല ഉദ്ഘാടനം ചെങ്ങോട്ടുകാവിൽ മന്ത്രി കെ.എം ഷാജി നിർവഹിച്ചു. വിപണനമേളകളെ പരമാവധി പ്രോത്സാഹിപ്പിക്കണമെന്നും ഉൽപന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ ശ്രദ്ധിക്കണമെന്നും

മന്ത്രി പറഞ്ഞു. ചടങ്ങിൽ പ്രവീൺ കുമാർ എം.എൽ.എ അധ്യക്ഷനായി.

&&&&&&&&&&&&&&&&&&

## കോഴിക്കോട് - വിളംബരജാഥ

ടൂറിസം വകുപ്പും കോഴിക്കോട് ജില്ലാ ഭരണകൂടവും ഡി.ടി.പി.സിയും ചേർന്ന് സംഘടിപ്പിക്കുന്ന ജില്ലാതല ഓണാഘോഷത്തിന്റെ ഭാഗമായി നഗരത്തിൽ വിളംബര ജാഥ നടന്നു. കോഴിക്കോട് ബീച്ചിൽ സംഘടിപ്പിച്ച ജാഥയിൽ വിവിധ കലാരൂപങ്ങൾ, വാദ്യമേളങ്ങൾ, കായിക പ്രകടനങ്ങൾ തുടങ്ങിയവ അകമ്പടി ചേർന്നു.

&&&&&&&&&&&&&&&&&&

## ഹോക്കി - ലോകകപ്പ്

എഫ്ഐഎച്ച് വനിതാ ഹോക്കി ലോകകപ്പിൽ ഇന്ത്യ ഇന്ന് ഓസ്ട്രേലിയയെ നേരിടും. സെമി ഫൈനൽ സാധ്യത നിലനിർത്താൻ ഇന്ത്യക്ക് ഈ മത്സരം ജയിക്കേണ്ടത് അനിവാര്യമാണ്. മത്സരം രാത്രി 10:30 ന് ആരംഭിക്കും.

RNUTVPM

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ശ്രീലങ്കക്കെതിരെ കൊളംബോയിൽ നടക്കുന്ന രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യക്ക് ഭേദപ്പെട്ട തുടക്കം. ടോസ് നേടി ആദ്യം ബാറ്റ് ചെയ്യുന്ന ഇന്ത്യ ഒന്നാം ദിവസം കളി അവസാനിക്കുമ്പോൾ 5 വിക്കറ്റ് നഷ്ടത്തിൽ 300 റൺസ് എന്ന നിലയിലാണ്. ഇന്ത്യക്കായി ദേവ്ദത്ത് പടിക്കൽ സെഞ്ച്വറി നേടി.

&&&&&&&&&&&&&&&&&&

## മഴ

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, ഇടുക്കി,എറണാകുളം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർ ഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

&&&&&&&&&&&&&&&&&&

## കള്ളക്കടൽ ജാഗ്രത നിർദേശം

കള്ളക്കടൽ പ്രതിഭാസത്തിന്റെ ഭാഗമായി തിരുവനന്തപുരം , കൊല്ലം, ആലപ്പുഴ,എറണാകുളം, തൃശൂർ ജില്ലകളിലെ തീര പ്രദേശങ്ങളിൽ നാളെ രാത്രി വരെയും കന്യാകുമാരി തീരത്ത് നാളെ ഉച്ച വരെയും കടലാക്രമണത്തിന് സാധ്യതയെന്ന് ദേശീയ സമുദ്ര വിവര വിശകലന കേന്ദ്രം അറിയിച്ചു.

മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണം. കേരളം- കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ 25 വരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

&&&&&&&&&&&&&&&&&&

## സൗജന്യ ഭക്ഷ്യകിറ്റ്

ഓണത്തിന് എഎവൈ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതിനുള്ള സൗജന്യ ഭക്ഷ്യ കിറ്റ് റേഷൻ കടകളിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ അറിയിച്ചു. കിറ്റുകൾ ആഗസ്റ്റ് 31 വരെ വിതരണം ചെയ്യും.

RNU TVPM

&&&&&&&&&&&&&&&&&&

## മിൽമ-പുതിയ ഉൽപന്നം

മിൽമ ഉൽപന്നങ്ങളുടെ വൈവിധ്യവൽകരണം, വിപണന ശൃംഖല ശക്തിപ്പെടുത്തൽ എന്നിവ ലക്ഷ്യമിട്ട് മിൽമ തിരുവനന്തപുരം യൂണിയൻ നാല് പുതിയ ഉൽപന്നങ്ങൾ വിപണിയിലിറക്കി. തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മന്ത്രി ബിന്ദു കൃഷ്ണയും നടിയും അവതാരകയുമായ മീനാക്ഷി അനൂപും ചേർന്നാണ് ഉൽപന്നങ്ങൾ പുറത്തിറക്കിയത്. പനീർ പോപ്പ്-ചെട്ടിനാട്, പനീർ പോപ്പ്-പെരി പെരി, സ്വീറ്റൻഡ് യോഗർട്ട്, ബ്ലൂബറി യോഗർട്ട് എന്നിവയാണ് പുതിയ ഉൽപന്നങ്ങൾ.

&&&&&&&&&&&&&&&&&&

## ശബരിമല

ഓണത്തോടനുബന്ധിച്ച പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. വൈകിട്ട് 5 മണിക്ക് തന്ത്രി കണ്ഠര് ബ്രഹ്മദത്തന്റെ

സാന്നിധ്യത്തിൽ മേൽശാന്തി പ്രസാദ് ഇ. ഡി നട തുറന്നു ദീപം തെളിയിക്കും. ഉത്രാട ദിനത്തിൽ രാവിലെ അഞ്ചുമണിക്ക് ദർശനത്തിനായി നട തുറക്കും. പൂജകൾ പൂർത്തിയാക്കി ഈ മാസം 28 ന് നട അടയ്ക്കും.

&&&&&&&&&&&&&&&&&&

<u>**കെ. ജയകുമാർ**</u>

തിരുവോണ നാളിൽ ജോലിക്ക് വേണ്ടി മാറിനിൽക്കുന്നവർക്കടക്കം സദ്യ കൊടുക്കേണ്ട ബാദ്ധ്യത ദേവസ്വം ബോർഡിനുണ്ടെന്നും അതിനാലാണ് ഈ വർഷം മുതൽ ശബരിമലയിൽ തിരുവോണ നാളിൽ ദേവസ്വം ബോർഡ് സദ്യ നടത്താൻ തീരുമാനിച്ചതെന്നും തിരുവിതാംകൂർ ദേവസ്വംബോർഡ് പ്രസിഡൻറ് കെ ജയകുമാർ പറഞ്ഞു.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

RNU TVPM